# പട്ടികജാതി പട്ടികവർഗ്ഗ പീഢന നിരോധന നിയമം 1989




തയ്യാറാക്കിയത്

**അഡ്വ. ജോമോൾ ജോയി**



**നീതിവേദി**

സുധിക്കവല, കാക്കവയൽ പി.ഒ.
കൽപ്പറ്റ നോർത്ത്, വയനാട് – 673 122
ഫോൺ: 04936 246 788, 9497197378
E-mail : neethivedhi@gmail.com
Web: www.neethivedhi.org

# ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരാണ് എന്നതിന്റെ പേരിൽ മറ്റുള്ളവരിൽ നിന്നും നേരിടേണ്ടിവരുന്ന ചൂഷണങ്ങളും അതിക്രമങ്ങളും തടയുന്നതിനുവേണ്ടിയാണ് 1989ൽ പാർലമെന്റ് ഈ നിയമം പാസ്സാക്കിയത്. ഭാരതത്തിൽ നിലനിന്നുപോരുന്ന ജാതി വ്യവസ്ഥയുടെ ദുരന്ത ഫലമാണ് ഇത്തരം അതിക്രമങ്ങൾ. ഈ നിയമത്തിൽ 2015ൽ വരുത്തിയ ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിലെ ആദിവാസികൾക്കും ദളിതർക്കും എതിരെ നടക്കുന്ന അതിക്രമങ്ങളെപ്പറ്റി കൂടുതൽ അവബോധം ഉണ്ടാക്കുവാൻ സഹായിക്കുമെന്ന പ്രതീക്ഷയിലാണ് ഈ ലഘുലേഖ പ്രസിദ്ധീകരിക്കുന്നത്.

## അതിക്രമങ്ങൾ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ഒരാൾ ഈ വിഭാഗങ്ങളിൽപ്പെട്ടവർക്കെതിരെ ചെയ്യുന്ന കുറ്റങ്ങളാണ് ഈ നിയമത്തിന്റെ പരിധിയിൽപ്പെടുന്നത്. മറ്റ് സാഹചര്യങ്ങളിൽ ഇന്ത്യൻ ശിക്ഷാ നിയമമാണ് ബാധകമാവുക.

## നിയമത്തിൽ പറഞ്ഞിരിക്കുന്ന അതിക്രമങ്ങൾ താഴെ ചേർക്കുന്നു:

**സെക്ഷൻ 3 (1)**

a) ഭക്ഷ്യയോഗ്യമല്ലാത്തതോ മലിനമോ ആയ വസ്തുക്കൾ നിർബന്ധമായി കഴിപ്പിക്കുക.

b) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സ്ഥലത്തോ പരിസരത്തോ മനുഷ്യവിസർജ്യം, മാലിന്യം, ജന്തുക്കളുടെ ശവം അല്ലെങ്കിൽ മറ്റേതെങ്കിലും നിന്ദ്യമായ പദാർത്ഥങ്ങൾ നിക്ഷേപിക്കുക.

c) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ അവഹേളിക്കാനും അവരെ അധിക്ഷേപിക്കാനുമായി മേൽപ്പറഞ്ഞ വസ്തുക്കൾ അവരുടെ പ്രദേശങ്ങളിൽ നിക്ഷേപിക്കുക.

d) ചെരിപ്പുമാല ധരിപ്പിച്ചോ, പൂർണ്ണമായോ ഭാഗികമായോ നഗ്നരാക്കിയോ പരസ്യപ്രകടനം നടത്തിക്കുക.

e) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തിക്ക് അഭിമാനക്ഷതമുണ്ടാക്കുന്നതിനായി വസ്ത്രങ്ങൾ ബലമായി മാറ്റുക, മീശ വടിക്കുക, ചായം പൂശുക, തല മുണ്ഡനം ചെയ്യുക.

f) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തിയുടെ സ്വന്തമോ, കൈവശത്തിലുള്ളതോ, സർക്കാരോ മറ്റ് അധികാരികളോ നൽകിയിട്ടുള്ളതോ ആയ ഭൂമി അതിക്രമിച്ച് കൈവശപ്പെടുത്തുകയോ കൃഷി ചെയ്യുകയോ ചെയ്യുക.

g) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തിയെ സ്വന്തം ഭൂമിയിൽ നിന്ന് പുറത്താക്കുകയോ വനാവകാശമുൾപ്പെടെ എല്ലാ ബന്ധപ്പെട്ട അവകാശങ്ങളും ഉപയോഗിക്കുന്നതിനെ തടയുകയോ ചെയ്യുക.

h) വിവിധ രീതിയിലുള്ള അടിമവേല ചെയ്യിക്കുക.

i) മനുഷ്യരുടെയോ മൃഗങ്ങളുടെയോ ശവശരീരങ്ങൾ ചുമക്കാനോ നശിപ്പിക്കാനോ ശവക്കുഴികൾ ഉണ്ടാക്കുവാനോ നിർബന്ധിക്കുക.

j) തോട്ടിപ്പണി ചെയ്യാൻ നിർബന്ധിക്കുക

k) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകളെ ദേവദാസി സമ്പ്രദായം പോലെ ആരാധനാ മൂർത്തികൾക്കോ വിഗ്രഹങ്ങൾക്കോ ആരാധനാലയങ്ങൾക്കോ അടിമകളായി സമർപ്പിക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

l) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അംഗത്തോട് വോട്ട് ചെയ്യരുതെന്നും ഒരു പ്രത്യേക സ്ഥാനാർത്ഥിക്ക് വോട്ട് നൽകണമെന്നും തിരഞ്ഞെടുപ്പിൽ മത്സരിക്കരുതെന്നും മത്സരിക്കുന്ന സ്ഥാനാർത്ഥിയെ പിൻതുണക്കരുതെന്നും പറഞ്ഞ് ഭീഷണിപ്പെടുത്തുകയോ തടയുകയോ ചെയ്യുക.

m) പഞ്ചായത്ത്/മുൻസിപ്പാലിറ്റി അംഗമെന്ന നിലയിലോ, ചെയർപേഴ്സൺ എന്ന നിലയിലോ മറ്റേതെങ്കിലും സ്ഥാനം വഹിക്കുന്നയാളെന്ന നിലയിലോ ചെയ്യേണ്ട സാധാരണ ജോലികളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുന്നതിൽ നിന്ന് തടയുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യുക.

n) തിരഞ്ഞെടുപ്പിന് ശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളെ ആക്രമിക്കുകയോ മുറിപ്പെടുത്തുകയോ സാമൂഹ്യമായി ബഹിഷ്കരിക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ പൊതുസേവനങ്ങൾ ലഭ്യമാക്കുന്നത് തടയുകയോ ചെയ്യുക.

o) ഒരു നിശ്ചിത സ്ഥാനാർത്ഥിക്ക് വേണ്ടി വോട്ട് ചെയ്തു അഥവാ വോട്ട് ചെയ്തില്ല എന്നതിന്റെ പേരിൽ അതിക്രമം നടത്തുക.

p) കളവായതും ദുരുദ്ദേശ്യത്തോടുകൂടിയതുമായ കേസുകൾ നൽകി പട്ടികജാതി പട്ടികവർഗ്ഗക്കാരെ ഉപദ്രവിക്കുക.

q) കളവായ വിവരങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന രീതിയിൽ നടപടികൾ എടുക്കാൻ കാരണമാക്കുക.

r) പൊതുസ്ഥലത്ത് വെച്ച് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടയാളിനെ അപമാനിക്കുക എന്ന ഉദ്ദേശ്യത്തോടെ ബോധപൂർവ്വം ഭീഷണിപ്പെടുത്തുകയും അവഹേളിക്കുകയും ചെയ്യുക.

s) പൊതുസ്ഥലത്ത് വെച്ച് ജാതിപ്പേര് വിളിച്ച് അവഹേളിക്കുക

t) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ പാവനമായി കരുതുന്ന പ്രതിമകൾ, ഫോട്ടോകൾ, രൂപങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ നശിപ്പിക്കുകയോ

തകർക്കുകയോ അവഹേളിക്കുകയോ ചെയ്യുക.

u) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെ ശത്രുതയോ വിദ്വേഷമോ ഉണ്ടാക്കുന്നതിന് കാരണമാകുന്ന രീതിയിൽ സംസാരിക്കുകയോ എഴുതുകയോ ആംഗ്യങ്ങൾ കാണിക്കുകയോ ചെയ്യുക.

v) പട്ടികജാതി/പട്ടികവർഗ്ഗക്കാർ ആദരിക്കുന്ന മരിച്ചുപോയ വ്യക്തികളെ അപമാനിക്കുന്ന രീതിയിൽ സംസാരിക്കുകയോ എഴുതുകയോ ചെയ്യുക.

w) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീയാണെന്നറിഞ്ഞുകൊണ്ട് സ്ത്രീയുടെ സമ്മതമില്ലാതെ മന:പൂർവ്വം ലൈംഗിക ഉദ്ദേശ്യത്തോടെ സ്പർശിക്കുകയോ സംസാരിക്കുകയോ ആംഗ്യം കാണിക്കുകയോ ചെയ്യുക.

x) പട്ടികജാതി/പട്ടികവർഗ്ഗക്കാർ സാധാരണ ഉപയോഗിക്കുന്ന ജലസ്രോതസ്സുകൾ മലിനമാക്കുക.

y) പൊതുസ്ഥലങ്ങളിൽ പ്രവേശിക്കുന്നതും പൊതു സൗകര്യങ്ങൾ ഉപയോഗിക്കുന്നതും നിഷേധിക്കുക.

z) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തി വസിക്കുന്ന വീട്ടിൽ നിന്നോ ഗ്രാമത്തിൽ നിന്നോ ഒഴിവായി പോകാൻ നിർബന്ധിക്കുക.

za) ശ്മശാനം, ജലസ്രോതസ്സുകൾ, ശൗചാലയങ്ങൾ, പൊതുവാഹനങ്ങൾ, റോഡുകൾ ഉൾപ്പെടെയുള്ള പൊതുസൗകര്യങ്ങൾ ഉപയോഗിക്കൽ; വാഹനങ്ങൾ ഓടിക്കൽ; ചെരിപ്പും പുതിയ വസ്ത്രങ്ങളും ധരിക്കൽ; വിവാഹവുമായി ബന്ധപ്പെട്ട് ഘോഷയാത്രകൾ നടത്തൽ; ആരാധനാലയങ്ങളിൽ പ്രവേശിക്കൽ; മതപരവും സാമൂഹികവും സാംസ്കാരികവുമായ അനുഷ്ഠാനങ്ങൾ നിർവ്വഹിക്കൽ; വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, കടകൾ, ഉല്ലാസ കേന്ദ്രങ്ങൾ എന്നിവയിൽ പ്രവേശിക്കൽ, പൊതുജനങ്ങൾക്കായി ഉദ്ദേശിച്ചിട്ടുള്ള പാത്രങ്ങളോ വസ്തുക്കളോ ഉപയോഗിക്കൽ; ഇഷ്ടപ്പെട്ട തൊഴിൽ, വ്യാപാരം എന്നിവ ചെയ്യൽ തുടങ്ങിയവ യിൽ നിന്നും പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ തടയുക.

zb) ഭൂതോച്ചാടനത്തിന്റെ പേരിൽ മാനസികമായോ ശാരീരികമായോ ഉപദ്രവിക്കുക.

zc) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തിയെയോ, കുടുംബത്തെയോ, സമുദായത്തെയോ, സാമൂഹികമായോ സാമ്പത്തികമായോ ബഹിഷ്കരിക്കുക യോ അപ്രകാരം ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയോ ചെയ്യുക.

മുകളിൽ പറഞ്ഞ ഏതെങ്കിലും കുറ്റം ചെയ്യുന്നവർക്ക് 6 മാസത്തിൽ കുറയാതെ 5 വർഷം വരെ തടവ് ശിക്ഷയും പിഴയും ചുമത്തുന്നാവുന്നതാണ്.

**സെക്ഷൻ 3 (2)**

i. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരാൾക്ക് എതിരെ കള്ള സാക്ഷ്യം നൽകുകയോ കൃത്രിമ തെളിവുകൾ ഉണ്ടാക്കുകയോ ചെയ്ത തിന്റെ ഫലമായി വധശിക്ഷയ്ക്ക് കാരണമാകുന്നുവെങ്കിൽ കുറ്റക്കാര നെതിരെ ജീവപര്യന്തം തടവും ശിക്ഷയും വിധിക്കാവുന്നതാണ്.

നിരപരാധിയായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരംഗത്തിന് മേൽപ്പറഞ്ഞ കളവായ തെളിവുകളുടെ അടിസ്ഥാനത്തിൽ വധശിക്ഷ നൽകിയതായി തെളിഞ്ഞാൽ കാരണക്കാരനായ ആളിന് വധശിക്ഷ നൽകാവുന്നതാണ്.

ii. മേൽ സൂചിപ്പിച്ച പ്രകാരം കളവായ തെളിവുകളുടെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരു ആളിന് ഏഴ് വർഷമോ അതിൽ കൂടുതലോ തടവുശിക്ഷ നൽകിയതായി തെളിഞ്ഞാൽ കാരണക്കാരനായ ആളിന് ആറ് മാസത്തിൽ കുറയാതെയും ഏഴ് വർഷം വരെയുമുള്ള തടവും പിഴയും വിധിക്കാവുന്നതാണ്.

iii. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വസ്തുക്കൾക്ക് നാശമുണ്ടാകാൻ വേണ്ടി തീയോ, പൊട്ടിത്തെറിക്കാൻ സാധ്യതയുള്ള വസ്തുക്കളോ ഉപയോഗിച്ചാൽ കുറ്റം ചെയ്തയാളിന് ആറ് മാസത്തിൽ കുറയാതെയും ഏഴ് വർഷം വരെയുമുള്ള തടവും പിഴയും നൽകാവുന്നതാണ്.

iv. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളിന്റെ ആരാധനാ സ്ഥലമോ, താമസസ്ഥലമോ, വസ്തുക്കൾ കാത്തുസൂക്ഷിക്കാൻ ഉപയോഗിക്കുന്ന സ്ഥലമോ തീ വെയ്ക്കുകയോ, പൊട്ടിത്തെറിക്കാൻ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിച്ച് നശിപ്പിക്കുകയോ ചെയ്താൽ കുറ്റക്കാരന് ജീവപര്യന്തം തടവും പിഴയും വിധിക്കാവുന്നതാണ്.

v. ഇന്ത്യൻ ശിക്ഷാ നിയമത്തിൽ പത്തുവർഷമോ അതിൽ കൂടുതലോ ശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെ ചെയ്യുന്നയാൾക്ക് ജീവപര്യന്തം തടവും ശിക്ഷയും വിധിക്കാവുന്നതാണ്.

vi. കുറ്റവാളിയായ ഒരാളെ ശിക്ഷയിൽ നിന്ന് ഒഴിവാക്കുന്നതിനായി പ്രവർത്തനം നടത്തുന്നയാൾക്കും കളവാണെന്ന ബോധ്യത്തോടെ മൊഴികൾ നൽകുന്നയാൾക്കും ആ കുറ്റത്തിന് നിശ്ചയിച്ചിട്ടുള്ള ശിക്ഷ നൽകാവുന്നതാണ്.

vii. മുകളിൽപ്പറഞ്ഞ കുറ്റങ്ങളേതെങ്കിലും ചെയ്യുന്നത് ഒരു സർക്കാർ ഉദ്യോഗസ്ഥനാണെങ്കിൽ അയാൾക്കുള്ള ശിക്ഷ ഒരു വർഷത്തിൽ കുറയാതെയും പ്രസ്തുത കുറ്റത്തിന് നിർദ്ദേശിച്ചിരിക്കുന്ന ശിക്ഷ വരെയും ആകാം.

4 (1) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗസ്ഥൻ ഈ നിയമപ്രകാരവും ചട്ടങ്ങൾക്കനുസരിച്ചും ചെയ്യേണ്ട കടമകൾ ബോധപൂർവ്വം അവഗണിച്ചാൽ അയാൾക്ക് 6 മാസത്തിൽ കുറയാതെ 1 വർഷം വരെ തടവുശിക്ഷ വിധിക്കാവുന്നതാണ്.

4 (2) **ഉദ്യോഗസ്ഥരുടെ ചുമതലകളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു:**

a) കുറ്റകൃത്യം സംബന്ധിച്ച് വിവരം നൽകുന്നയാളുടെ മൊഴി പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ളയാൾ എഴുതി എടുക്കുകയും ഒപ്പിടുന്നതിനു മുൻപ് വായിച്ച് കേൾപ്പിക്കുകയും ചെയ്യുക.

b) പരാതിയുടെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് ഈ നിയമപ്രകാരം അനുയോജ്യമായ വകുപ്പുകൾ ചേർക്കുക.

c) പരാതിക്കാരന് മൊഴിയുടെ പകർപ്പ് കൊടുക്കുക.

d) ഇരകളുടെയും സാക്ഷികളുടെയും മൊഴികൾ രേഖപ്പെടുത്തുക.

e) അന്വേഷണം നടത്തി പ്രത്യേക കോടതിയിൽ 60 ദിവസത്തിനകം കുറ്റപത്രം ഫയൽ ചെയ്യുക.

f) കേസുകളുമായി ബന്ധപ്പെട്ട് എല്ലാ രേഖകളും ശരിയായ രീതിയിൽ തയ്യാറാക്കുകയും രേഖപ്പെടുത്തുകയും തർജ്ജമ ചെയ്യുകയും ചെയ്യുക.

g) ഈ നിയമത്തിന്റെയോ ചട്ടങ്ങളുടെയോ അടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

ഈ ചുമതലകൾ നിർവ്വഹിക്കാത്ത ഉദ്യോഗസ്ഥനെതിരെ പ്രത്യേക കോടതിക്ക് ശിക്ഷാ നടപടികൾ എടുക്കുകയോ നടപടികൾ എടുക്കാൻ നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്.

(5) ഈ നിയമപ്രകാരം ഒരിക്കൽ ശിക്ഷിക്കപ്പെട്ടയാൾ കുറ്റം ആവർത്തിച്ചാൽ അയാൾക്ക് ഒരു വർഷത്തിൽ കുറയാതെയും പ്രസ്തുത കുറ്റത്തിന് നിർദ്ദേശിക്കപ്പെട്ട ശിക്ഷ വരെയും നൽകാവുന്നതാണ്.

(7) (1) ഈ നിയമപ്രകാരം കുറ്റം ചെയ്യുന്ന ആളുടെ ഇളകുന്നതോ ഇളകാത്തതോ ആയ ഏതു വസ്തുക്കളും പ്രത്യേക കോടതിക്ക് സർക്കാരിലേക്ക് ഏറ്റെടുക്കാവുന്നതാണ്. ശിക്ഷയിൽ പറഞ്ഞിരിക്കുന്ന പിഴ ഈടാക്കാൻ പ്രസ്തുത വസ്തുക്കളിൽ നിന്ന് ആവശ്യമായവ ഉപയോഗിക്കാവുന്നതാണ്.

(2) കുറ്റം ചെയ്തയാൾക്ക് സാമ്പത്തിക സഹായം നൽകിയതായി സംശയിക്കപ്പെട്ട ആളുകൾക്കെതിരെ പ്രേരണാ കുറ്റത്തിന് കേസെടുക്കാവുന്നതാണ്. നിലവിലുള്ള വസ്തു തർക്കത്തിന്റെയോ മറ്റ് ഏതെങ്കിലും കാര്യത്തിന്റെയോ പരിണിത ഫലമായി ഒന്നിലധികം ആളുകൾ കൂട്ടായി മുകളിൽ സൂചിപ്പിച്ച ഏതെങ്കിലും കുറ്റം ചെയ്തതായി തെളിഞ്ഞാൽ കൂട്ടായ ഉദ്ദേശപ്രകാരം കുറ്റം ചെയ്തതായി കണക്കാക്കുന്നതാണ്.

കുറ്റകൃത്യം നടത്തിയവർക്ക് ഇരകളുടെ ജാതിയും സമുദായവും അറിയാമെന്ന് നിയമം കണക്കാക്കുന്നു.

## 15. A. ഇരകളുടെയും സാക്ഷികളുടെയും അവകാശങ്ങൾ

ഈ നിയമപ്രകാരം അതിക്രമങ്ങൾക്ക് ഇരയായവർക്കും അവരുടെ ആശ്രിതർക്കും സാക്ഷികൾക്കും എല്ലാതരത്തിലുമുള്ള ഭീഷണിയിൽ നിന്നും സ്വാധീനത്തിൽ നിന്നും അക്രമങ്ങളിൽ നിന്നും സംരക്ഷണം നൽകാൻ ആവശ്യമായ ക്രമീകരണങ്ങൾ നടത്താൻ സർക്കാരിന് ചുമതലയുണ്ട്. ഇരയുടെ പ്രായത്തിന്റെയോ ലിംഗത്തിന്റെയോ വിദ്യാഭ്യാസ കുറവിന്റെയോ ദാരിദ്ര്യത്തിന്റെയോ പേരിൽ ഉയർന്നുവരുന്ന ആവശ്യങ്ങളോടും പ്രശ്നങ്ങളോടും പ്രത്യേക പരിഗണനയോടും മാന്യതയോടും ബഹുമാനത്തോടും കൂടി പ്രതികരിക്കുവാനും സർക്കാരിന് ചുമതലയുണ്ട്. കോടതി നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും സമയബന്ധിതമായി അറിയിപ്പുകൾ ലഭിക്കാനും തന്റെ അഭിപ്രായങ്ങൾ കേൾക്കപ്പെടാനും ഇരകൾക്ക് അവകാശമുണ്ട്. പരാതിക്കാർക്കും സാക്ഷികൾക്കും പൂർണ്ണ സംരക്ഷണവും അന്വേഷണത്തിന്റെയും കോടതി വിസ്താരത്തിന്റെയും സമയത്ത് യാത്രക്കും ജീവിത ച്ചെലവിനും ആവശ്യമായ തുകയും ലഭിക്കാനും സാമൂഹിക സാമ്പത്തിക

പുനരധിവാസത്തിനും അവകാശമുണ്ട്. ഇരകളുടെയോ സാക്ഷികളുടെയോ പേരുകളും മറ്റ് വിവരങ്ങളും രഹസ്യമായി സൂക്ഷിക്കണമെന്ന് കോടതിയോട് ആവശ്യപ്പെടാനുള്ള അവകാശമുണ്ട്. ഈ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും വീഡിയോയിൽ റെക്കോർഡ് ചെയ്യേണ്ടതാണ്.

ഇതുകൂടാതെ എഫ്.ഐ.ആർ.ന്റെ പകർപ്പ് സൗജന്യമായി ലഭിക്കാനും അടിയന്തിര സാഹചര്യങ്ങളിൽ സഹായങ്ങൾ ലഭിക്കാനും സംരക്ഷണം ലഭിക്കാനും ചികിത്സ ലഭിക്കാനും അവകാശമുണ്ട്. അതിക്രമങ്ങൾക്ക് ഇരയായവർക്കും അവരെ സഹായിക്കുന്ന സംഘടനകൾക്കും അന്വേഷണത്തിന്റെ സ്ഥിതി അറിയാനും കുറ്റപത്രത്തിന്റെ പകർപ്പ് സൗജന്യമായി ലഭിക്കാനും സർക്കാരിൽ നിന്ന് ലഭിക്കാൻ അർഹതയുള്ള നഷ്ടപരിഹാരത്തുക സംബന്ധിച്ച വിവരങ്ങൾ ലഭിക്കാനും അവകാശമുണ്ട്. ഈ നിയമപ്രകാരം അതിക്രമങ്ങൾക്ക് ഇരയായവർക്കോ അവരുടെ ആശ്രിതർക്കോ, സന്നദ്ധ സംഘടനകളുടെയോ, സാമൂഹ്യ പ്രവർത്തകരുടെയോ അഭിഭാഷകരുടെയോ സഹായം തേടാൻ അവകാശമുണ്ട്.

സമൂഹത്തിലെ ഏറ്റവും അവഗണിക്കപ്പെട്ടവരും പിന്നോക്കാവസ്ഥയിൽ കഴിയുന്നവരുമായ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള ഈ നിയമം കൂടുതൽ ക്രിയാത്മകമായി നടപ്പിലാക്കാൻ സർക്കാരും മനുഷ്യാവകാശ സംഘടനകളും പ്രത്യേകിച്ച് ആദിവാസി സംഘടനകളും സജീവമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്.

**2011 ഡിസംബർ 23 – ാം തിയതിയിലെ ഉത്തരവ് പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ പീഢന നിരോധന നിയമത്തിന്റെ ചട്ടങ്ങളുടെ ഒന്നാം പട്ടികയിൽ ചേർത്തിരിക്കുന്ന സഹായധന തുകകളിൽ താഴെപ്പറയുന്ന രീതിയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.**

| നം. | കുറ്റം | നൽകേണ്ട കുറഞ്ഞ തുക | തുക നൽകേണ്ട വിധം |
|---|---|---|---|
| 1 | ഭക്ഷ്യയോഗ്യമല്ലാത്ത വസ്തുക്കൾ കഴിപ്പിക്കുക | 90,000 രൂപയോ കൂടുതലോ (കുറ്റത്തിന്റെ ഗൗരവവും ഉണ്ടായ അവഹേളനത്തിന്റെ വ്യാപ്തിയും അനുസരിച്ച്) | 1. 25% കോടതിയിൽ കുറ്റപത്രം സമർപ്പിക്കുമ്പോൾ 2. 75% കോടതി ശിക്ഷിച്ച് കഴിയുമ്പോൾ |
| 2 | വിസർജ്ജ്യവസ്തുക്കൾ നിക്ഷേപിക്കുന്നത് | | |
| 3 | വസ്ത്രാക്ഷേപം | | |
| 4 | സ്ഥലം കയ്യേറലും കൃഷി ചെയ്യലും | 90,000 രൂപയോ കൂടുതലോ (കുറ്റത്തിന്റെ ഗൗരവവും ഉണ്ടായ അവഹേളനത്തിന്റെ വ്യാപ്തിയും അനുസരിച്ച്) സർക്കാർ ചിലവിൽ സ്ഥലമോ താമസ സ്ഥലമോ തിരികെ നേടികൊടുക്കണം. | മുഴുവൻ തുകയും കുറ്റപത്രം കോടതിയിൽ നൽകുമ്പോൾ |
| 5 | വസ്തുവിൽ നിന്നോ താമസ സ്ഥലത്തുനിന്നോ പുറത്താക്കൽ | | |
| 6 | അടിമ വേല | കുറഞ്ഞത് 90,000 രൂപ | 1. 25% എഫ്.ഐ.ആർ. സമയത്ത് 2. 75% കോടതി ശിക്ഷിച്ച് കഴിയുമ്പോൾ |
| 7 | വോട്ടവകാശം സംബന്ധിച്ച് | 75,000 രൂപ വരെ | |
| 8 | കള്ളക്കേസുകൾ | 90,000 രൂപയോ യഥാർത്ഥ കോടതി ചിലവോ ഏതാണോ കുറവ് | വിചാരണ കഴിയുമ്പോൾ |
| 9 | കള്ളസാക്ഷി മൊഴികൾ | | |
| 10 | ജാതിപ്പേര്, അവഹേളനം | 90,000 രൂപ വരെ | 1. 25% കുറ്റപത്രം സമർപ്പിക്കുമ്പോൾ 2. 75% കോടതി ശിക്ഷിച്ച് കഴിയുമ്പോൾ |
| 11 | സ്ത്രീകളുടെ മാന്യതയ്ക്കെതിരെ | 1,80,000 രൂപ | 1. 50% വൈദ്യ പരിശോധനകഴിയുമ്പോൾ 2. 50% വിചാരണയുടെ അവസാനം |
| 12 | ലൈംഗിക പീഡനം | | |
| 13 | വെള്ളം മലിനമാക്കൽ | 3,75,000 രൂപ വരെയോ അഥവാ വെള്ളം ശുദ്ധീകരിക്കാനുള്ള മുഴുവൻ ചെലവും | ജില്ലാ ഭരണകൂടത്തിന് ഉചിതമെന്ന് തോന്നുന്ന സമയത്ത് തുക നൽകാം. |

| നം. | കുറ്റം | നൽകേണ്ട കുറഞ്ഞ തുക | തുക നൽകേണ്ട വിധം |
|---|---|---|---|
| 14 | പൊതു വഴി തടയൽ | 3,75,000 രൂപ വരെ അഥവാ വഴി പുന:സ്ഥാപിക്കാൻ ഉള്ള മുഴുവൻ ചെലവും നഷ്ടപരിഹാരവും | |
| 15 | താമസസ്ഥലത്ത് നിന്ന് പുറത്താക്കൽ | സ്ഥലം തിരിച്ച് നൽകൽ, 90,000 രൂപ നഷ്ടപരിഹാരം, സർക്കാർ ചെലവിൽ വീട് നിർമ്മാണം | മുഴുവൻ തുകയും കുറ്റപത്രം കോടതിയിൽ കൊടുക്കുമ്പോൾ |
| 16 | കള്ളസാക്ഷി | കുറഞ്ഞത് 3,75,000 രൂപ അഥവാ ഉണ്ടായ നഷ്ടം നികത്താനുള്ള മുഴുവൻ ചിലവും | 1. 50% കുറ്റപത്രം സമർപ്പിക്കുമ്പോൾ<br>2. 50% കോടതി ശിക്ഷിച്ചു കഴിയുമ്പോൾ |
| 17 | ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം 10 വർഷമോ കൂടുതലോ ശിക്ഷ ലഭിക്കുന്ന കുറ്റം | കുറഞ്ഞത് 1,80,000 രൂപ | ഇരയ്ക്കോ ആശ്രിതർക്കോ |
| 18 | ഉദ്യോഗസ്ഥരുടെ പീഢനം | പൂർണ്ണ നഷ്ടപരിഹാരം | 1. 50% കുറ്റപത്രം സമർപ്പിക്കുമ്പോൾ<br>2. 50% കോടതി ശിക്ഷിച്ചു കഴിയുമ്പോൾ |
| 19 | അംഗവൈകല്യം ഉണ്ടാക്കുന്നത്.<br>a. 100% വൈകല്യം<br>(i) കുടുംബത്തിന് വരുമാനം നേടാത്തയാൾ<br>(ii) വരുമാനം നേടുന്നയാൾ<br>b. 100% -ൽ കുറഞ്ഞ വൈകല്യം | <br><br>കുറഞ്ഞത് 3,75,000 രൂപ<br>കുറഞ്ഞത് 7,50,000 രൂപ | 1. 50% എഫ്.ഐ.ആർ. സമയത്ത്<br>2. 25% കുറ്റപത്രം സമർപ്പിക്കുമ്പോൾ<br>3. 25% കോടതി ശിക്ഷിച്ചു കഴിയുമ്പോൾ |
| 20 | കൊലപാതകം<br>a. വരുമാനം നേടാത്തയാൾ<br>b. ഒരുമാനം നേടുന്നയാൾ 100% -ൽകുറഞ്ഞ വൈകല്യം | കുറഞ്ഞത് 3,75,000രൂപ<br>കുറഞ്ഞത് 7,50,000 രൂപ | 1. 75% പോസ്റ്റ്മോർട്ടം കഴിയുമ്പോൾ<br>2. 25% കോടതി ശിക്ഷിച്ച് കഴിയുമ്പോൾ |
| 21 | കൊലപാതകം, കൂട്ടക്കൊല, ബലാൽസംഗം, കൂട്ടബലാൽസംഗം, കവർച്ച, പൂർണ്ണവൈകല്യപ്പെടുത്തൽ എന്നിവയുടെ ഇരകൾക്ക് | ഓരോ കുറ്റത്തിനും മുകളിൽപ്പറഞ്ഞ തുക കൂടാതെ<br>1. മരിച്ചുപോയ ആളുടെ വിധവയ്ക്കോ, ആശ്രിതർക്കോ 4500രൂപ പ്രകാരം പ്രതിമാസ പെൻഷനോ, കുടുംബത്തിൽ ഒരാൾക്ക് ജോലിയോ നൽകൽ, കൃഷി ഭൂമിയോ, വീടോ വാങ്ങി നൽകൽ.<br>2. ഇരകളുടെ മക്കളുടെ വിദ്യാഭ്യാസത്തിനും ജീവനാംശത്തിനുമുള്ള മുഴുവൻ ചെലവ്.<br>മൂന്ന് മാസത്തേക്കുള്ള പാത്രങ്ങൾ, അരി, മറ്റ് ഭക്ഷണ പദാർത്ഥങ്ങൾ | കുറ്റം നടന്ന് മൂന്ന് മാസത്തിനുള്ളിൽ<br><br>കുട്ടികളുടെ ആശ്രമം അല്ലെങ്കിൽ എം.ആർ. എസ്സ്. സ്കൂളുകളിൽ |
| 22 | വീട് പൂർണ്ണമായും നശിപ്പിച്ചാൽ/കത്തിച്ചാൽ | സർക്കാർ ചെലവിൽ ഇഷ്ടികവീട് കെട്ടികൊടുക്കൽ | |